പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 959 — 12.12.2012 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ. യുടെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക് : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിലെങ്കിലും പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന നയ പ്രഖ്യാപനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവിന്റെ ഭാഗമായി മോഡ്യുലാർ എംപ്ലോയ്മെന്റ് സ്കീം പ്രകാരം പരിശീലന പരിപാടി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ മുപ്പത്തി മൂന്ന് (33) ഐ.ടി.ഐ. കളെ വി.റ്റി.പി. (വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ) ആയി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ നോർക്ക വകുപ്പിന്റെ സഹകരണത്തോടെ തൊഴിൽ വൈദഗ്ധ്യ പരിപാടിയും നടപ്പിലാക്കിവരുന്നു. |
| (ബി) കാസർഗോഡ് ജില്ലയിലെ സീതാംഗോളി ഐ.ടി.ഐ. യുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) ഐ.ടി.ഐ. ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാം എന്ന പുത്തിഗെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഉറപ്പിൻമേലാണ് ഇവിടെ ഐ.ടി.ഐ. അനുവദിച്ചത്. എന്നാൽ പഞ്ചായത്ത് വാഗ്ദാനം നിറവേറ്റിയിട്ടില്ല. താല്ക്കാലിക സംവിധാനത്തിലാണ് ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. സ്ഥല പരിമിതിയുണ്ട്. കൂടാതെ ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനും ലഭ്യമാക്കാനുണ്ട്. ഇത് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും |

ശ്രമം നടക്കുന്നുണ്ട്. യന്ത്രോപകരണങ്ങൾ സംഭരിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ നടന്നുവരുന്നു.

(സി) പിന്നോക്ക പ്രദേശത്തെ ഐ.ടി.ഐ. എന്ന പരിഗണന നൽകി സീതാംഗോളി ഐ.ടി.ഐ.യുടെ പുരോഗതിക്കായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ പ്രത്യേക പദ്ധതികളൊന്നും പരിഗണനയിൽ ഇല്ല.

(ഡി) സർക്കാർ പ്രഖ്യാപിച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സീതാംഗോളി ഐ.ടി.ഐ. കേന്ദ്രത്തെകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

(ഡി) സ്വന്തമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായാൽ മാത്രമേ വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ